നം.സി 4/25838/2019/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി -08/08/2019

## പരിപത്രം

വിഷയം :- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:-
1. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 23/07/2019 - ലെ 90/AR(14)(2)/19 ഉ.ഭ.പ.വ നമ്പർ കത്ത്
2. ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നുള്ള 30/07/2019 - ലെ കെ1/158/2019/ഉ.വി.വ നമ്പർ പരിപത്രം
3. ഈ ഓഫീസിലെ 02/08/2019 - ലെ സി4/25838/19/കോ.വി.വ നമ്പർ ഉത്തരവ്.

സർക്കാരിൽ നിന്നുള്ള സൂചന (1), (2) സർക്കാർ കത്തുകൾ അനുസരിച്ച് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 31/07/2019 വരെ പെൻഡിംഗിലുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് ഈ വകുപ്പിലെ വകുപ്പ്തല നോഡൽ ഓഫീസർമാരെയും ജില്ലാതല നോഡൽ ഓഫീസർമാരെയും നിശ്ചയിച്ചും പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും സൂചന (3) പ്രകാരം ഈ ഓഫീസിൽ നിന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാരിൽ നിന്നുള്ള സൂചന (2) ലെ നിർദ്ദേശം അനുസരിച്ച് പെൻഡിംഗ് ഫയൽ തീർപ്പാക്കുന്നതിനു അദാലത്ത് സംഘടിപ്പിക്കുവാനുള്ള ഷെഡ്യൂൾ/തീയതി താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥലം | തീയതി, സമയം |
|---|---|---|
| 1. | കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയം | 14/08/2019<br>രാവിലെ 11 മണി മുതൽ |
| 2. | ഡെപ്യൂട്ടിഡയറക്ടറേറ്റുകൾ/കോളേജുകൾ/ ഹോസ്റ്റലുകൾ എന്നീ തലങ്ങളിലുള്ള അദാലത്തുകൾ | കൊല്ലം ഡെപ്യൂട്ടിഡയറക്ടറേറ്റ് -24/08/19<br>കോട്ടയം ഡെപ്യൂട്ടിഡയറക്ടറേറ്റ് -26/08/19<br>എറണാകുളം ഡെപ്യൂട്ടിഡയറക്ടറേറ്റ് - 21/08/19<br>തൃശ്ശൂർ ഡെപ്യൂട്ടിഡയറക്ടറേറ്റ് - 20/08/19<br>കോഴിക്കോട് ഡെപ്യൂട്ടിഡയറക്ടറേറ്റ് -16/08/19<br>(രാവിലെ 11 മണി മുതൽ) |
| 3. | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അദാലത്ത് | 30/08/2019 |

മേൽ നിശ്ചയിച്ച പ്രകാരം ക്രമ നമ്പർ 1,2 അനുസരിച്ചുള്ള അദാലത്ത് നടത്തി ബന്ധപ്പെട്ട രേഖകൾ, റിപ്പോർട്ട്, പെൻഡിംഗ് ലിസ്റ്റ് ഉൾപ്പെടെ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. 09/08/2019 രാവിലെ 11 മണിക്ക് ആസ്ഥാന കാര്യാലയത്തിലെ നോഡൽ ഓഫീസർമാരുടേയും എല്ലാ സെക്ഷനിലെയും സീനിയർ സൂപ്രണ്ടുമാരുടേയും/ജൂനിയർ സൂപ്രണ്ടുമാരുടേയും മീറ്റിംഗ് കോൺഫറൻസ് ഹാളിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
ഷൂജ.ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

(1) കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും.
(2) ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ.8/03/2018